**Desabhimani**

**28 August 2018**

**Paravoor ; After Flood. Returning Home, Cleaning**

# പറവൂരിൽ ക്യാമ്പുകൾ അവസാനിക്കുന്നു; ശുചീകരണം സജീവം

**പറവൂർ**

വെള്ളമിറങ്ങിയ വീടുകളിലെ ശുചീകരണം പൂർത്തിയാക്കിയവർ ക്യാമ്പൊഴിഞ്ഞതോടെ പറവൂരിലെ ഭൂരിഭാഗം ക്യാമ്പുകളുടെയും പ്രവർത്തനം അവസാനിച്ചു. ശുചീകരണ പ്രവർത്തനത്തിനായി ഒട്ടേറെ സംഘടനകൾ രംഗത്തുണ്ട്. ആളു കറുഞ്ഞ ക്യാമ്പുകളിൽ ശേഷിച്ചവരെ ഗവ. ബോയ്സ് ഹൈസ്കൂളിലും, മുനിസിപ്പൽ ടൗൺഹാളിലുമായി പ്രവർത്തിക്കുന്ന ക്യാമ്പുകളിലേക്ക് മാറ്റി. വീടുകൾ പൂർണമായി തകർന്നവർ എങ്ങോട്ടു പോകുമെന്ന ആശങ്കയിലാണ്. സർക്കാർ തങ്ങൾക്ക് കൂട്ടിനുണ്ടെന്ന ഉറച്ച വിശ്വാസമാണുള്ളതെന്ന് പൂയപ്പിള്ളിയിൽ നിന്നെത്തിയ വിനോദിനി പറഞ്ഞു. ക്യാമ്പിൽനിന്ന് തിരികെ പോകുന്നവർക്ക് കിറ്റ് ക്യാമ്പിൽനിന്ന് നൽകുന്നുണ്ട്. ദുരന്തബാധിത മേഖലയിലെ മുഴുവൻ പേർക്കും സർക്കാർ അനുവദിച്ച കിറ്റുകൾ വില്ലേജ് ഓഫിസുകൾവഴി വിതരണം ചെയ്യും. ഇവർക്കായി അനുവദിച്ച പതിനായിരം രൂപ ബാങ്ക് അക്കൗണ്ടിലൂടെ നൽകും.

നിർത്തിയ ക്യാമ്പുകൾ ശുചീകരിക്കുന്ന പ്രവർത്തനം തുടരുകയാണ്. മിക്ക ക്യാമ്പുകളും സ്കൂളുകളിലാണ് പ്രവർത്തിച്ചിരുന്നത്. 29ന് സ്കൂൾ തുറക്കുന്നതിന് മുമ്പായി ശുചീകരണജോലി പുരോഗമിക്കുകയാണ്, വിദ്യഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ നേതൃത്വം നൽകി ദുരന്തബാധിത മേഖലയിലെ മുപ്പതോളം സ്കൂളുകൾ ശുചീകരിച്ചു. എഡിപിഐ ജെസ്സി ജോസഫ്, ഡി ഡി സന്തോഷ്, ഡിപിഒ സജോയ് ജോർജ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വിവിധ അധ്യാപക സംഘടനാ പ്രവർത്തകരും, ജില്ലാ വിദ്യാഭ്യാസ ഓഫീസ് ജിവനക്കാർ, പിടിഎ, എസ്എംസി അംഗങ്ങളും ശുചീകരണത്തിൽ പങ്കാളികളായി.

കണ്ണൂർ ജില്ലയിൽ നിന്നുള്ള അഞ്ഞൂറോളം ഡിവൈഎഫ്ഐ പ്രവർത്തകർ ചേന്ദമംഗലം, വടക്കേക്കര, ചിറ്റാറ്റുകര, പറവൂർ ടൗൺ എന്നീ പ്രദേശങ്ങളിലെ വീടുകളും, അങ്കണവാടികളും, പൊതുയിടങ്ങളും ശുചീകരിച്ചു. ഇവരുടെ സേവനം തുടരും.